## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2892 06.11.2019 -ൽ മറുപടിക്ക്

### സ്വകാര്യ സ്ഥാപനങ്ങളിലേക്ക് ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി റിക്രൂട്ട് ചെയ്യുന്നതിന് പദ്ധതി

**ചോദ്യം**
ശ്രീ.ആർ.രാമചന്ദ്രൻ

**ഉത്തരം**
ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്വകാര്യ സ്ഥാപനങ്ങളിലെ വിവിധ വിഭാഗങ്ങളിലേക്ക് ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി റിക്രൂട്ട് ചെയ്യുന്നതിന് പദ്ധതിയുണ്ടോ,എങ്കിൽ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ സ്വകാര്യ സ്ഥാപനങ്ങളിലെ വിവിധ വിഭാഗങ്ങളിലേയ്ക്ക് തൊഴിൽരഹിതരായ യുവജനങ്ങൾക്ക് തൊഴിൽ നേടിയെടുക്കുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. എംപ്ലോയ്മെന്റ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ എംപ്ലോയബിലിറ്റി സെന്ററുകളുടെ ആഭിമുഖ്യത്തിൽ സ്വകാര്യ മേഖലയിലെ ഉദ്യോഗ ദായകരെ പങ്കെടുപ്പിച്ച്, ജില്ലാടിസ്ഥാനത്തിൽ ജോബ് ഫെയറുകൾ സംഘടിപ്പിച്ച് വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാർ സംയുക്ത സംരംഭമായ മോഡൽ കരിയർ സെന്റർ മുഖേന നടത്തുന്ന ജോബ് ഡ്രൈവുകളിലൂടെയും സ്വകാര്യ സ്ഥാപനങ്ങളിലെ വിവിധ വിഭാഗങ്ങളിലേയ്ക്ക് തൊഴിൽ നേടുന്നതിന് ഉദ്യോഗാർത്ഥികൾക്ക് അവസരം ലഭിക്കുന്നുണ്ട്. കൂടാതെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് പരമാവധി ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകളും നടത്തി വരുന്നു. |
| (ബി) | ഇത്തരത്തിൽ ജീവനക്കാരെ റിക്രൂട്ട് ചെയ്യുന്ന സ്ഥാപനങ്ങളുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നിബന്ധനകളാണ് വച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | ഇത്തരത്തിൽ ജീവനക്കാരെ റിക്രൂട്ട് ചെയ്യുന്ന സ്ഥാപനങ്ങളുടെ വിശ്വാസ്യത ഉറപ്പുവരുത്താൻ വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 1. എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ (EMI) പദ്ധതി പ്രകാരം അതതു പ്രദേശങ്ങളിലെ എംപ്ലോയേഴ്സ് രജിസ്റ്റർ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സൂക്ഷിക്കുന്നുണ്ട്. പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് ഉദ്യോഗദായകരുടെ വിശ്വാസ്യത ഉറപ്പു വരുത്തുന്നുണ്ട്.<br>2. ഉദ്യോഗദായകരുടെ പ്രവർത്തനങ്ങൾ വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ട് അന്വേഷിച്ച് വിശ്വാസ്യത ഉറപ്പ് വരുത്തുന്നുണ്ട്.<br>3. ചേമ്പർ ഓഫ് കൊമേഴ്സ് പോലുള്ള സ്ഥാപനങ്ങളുടെ സംയുക്ത സഹകരണത്തോടു കൂടി എംപ്ലോയേഴ്സ് മീറ്റ് സംഘടിപ്പിച്ച് സുതാര്യത ഉറപ്പു വരുത്തുന്നുണ്ട്.<br>4. എംപ്ലോയബിലിറ്റി സെന്ററുകളിൽ ഉദ്യോഗദായകർ രജിസ്റ്റർ ചെയ്യുമ്പോൾ സി.എൻ.വി ആക്ട് പ്രകാരം വകുപ്പിലെ ഉദ്യോഗസ്ഥർ തങ്ങളിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് നേരിട്ട് സ്ഥാപനങ്ങൾ സന്ദർശിച്ച് വിശ്വാസ്യത ഉറപ്പ് വരുത്തുന്നുണ്ട്. |
| (സി) | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മെഗാ തൊഴിൽമേളകൾ നടത്തുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി 'നിയുക്തി' എന്ന പേരിൽ മെഗാ തൊഴിൽ മേളകൾ നടത്തുന്നുണ്ട്. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കു സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് 2015 വർഷം മുതൽ നിയുക്തി എന്ന പേരിൽ മെഗാ ജോബ് ഫെയർ സംഘടിപ്പിച്ചു വരുന്നുണ്ട്. തികച്ചും സൗജന്യമായാണ് ഇത്തരം തൊഴിൽ മേളകൾ നടത്തി വരുന്നത്. നിയുക്തി പോലുള്ള ജോബ് ഫെയറുകൾ വഴി ഉദ്യോഗദായകരെയും ഉദ്യോഗാർത്ഥികളെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ട് വന്ന് ഉദ്യോഗദായകർക്കു അവരുടെ |

| | | | |
|---|---|---|---|
| | | | ഒഴിവുകൾക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ നേരിട്ട് സെലക്ട് ചെയ്യാവുന്നതും ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒന്നിലധികം ഉദ്യോഗദായകരുടെ വിവിധ ഒഴിവുകളിലേയ്ക്ക് നടത്തപ്പെടുന്ന ഇന്റർവ്യൂവിൽ പങ്കെടുത്ത് അർഹമായ തൊഴിൽ നേടാനുള്ള അവസരം ലഭിക്കുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**